## പതിനഞ്ചാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

## 2021 ജൂൺ മാസം 2 – ന് നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം

കഴിഞ്ഞ ഒന്നരവർഷക്കാലമായി ലോകരാഷ്ട്രങ്ങളെ പിടിച്ചു കുലുക്കുന്ന മഹാമാരിയായ കോവിഡ് – 19 നെ പ്രതിരോധിക്കാൻ കേന്ദ്ര, സംസ്ഥാന, പ്രാദേശിക സർക്കാരുകൾ വിവിധ തരത്തിലുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കോവിഡിന്റെ ആദ്യ ഘട്ടത്തിൽ ലോക്ഡൗൺ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടിവന്നതിനാൽ ദുർബലമായ സമ്പദ്ഘടനയെ അത് കൂടുതൽ പ്രതിസന്ധിയിലെത്തിച്ചിരിക്കുകയാണ്.

കോവിഡിന്റെ ഒന്നാം തരംഗം തന്നെ സമ്പദ്ഘടനയെ പ്രതിസന്ധിയിൽ എത്തിച്ച ഘട്ടത്തിലാണ് ഈ മഹാമാരിയുടെ രണ്ടാം തരംഗം ഉണ്ടായിരിക്കുന്നത്. കോവിഡ് – 19 മഹാമാരിയെ ഉന്മൂലനം ചെയ്യുന്ന ലക്ഷ്യത്തിന് എല്ലാ തലത്തിലുള്ള സർക്കാരുകളും പരമപ്രാധ്യാന്യത്തോടെ പ്രവർത്തിച്ചെങ്കിൽ മാത്രമേ സാധിക്കൂ. ഇതിനായുള്ള ഏറ്റവും നല്ല മാർഗം സാമൂഹ്യതലത്തിൽ കോവിഡ് – 19 മഹാമാരിക്കെതിരെയുള്ള പ്രതിരോധ നിർമ്മിതിയാണ്. ഇതിന് ഏറ്റവും പ്രധാനമായത് സാർവത്രികമായ വാക്സിനേഷനാണ്. അത് എല്ലാ ജനവിഭാഗങ്ങൾക്കും ലഭ്യമാകണമെങ്കിൽ വാക്സിൻ സൗജന്യവും സാർവത്രികവുമായി നൽകാൻ കഴിയണം.

അതിലൂടെ വാക്സിനേഷൻ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുക എന്നതാണ് ഇപ്പോൾ നമുക്കു മുന്നിലുള്ള അടിയന്തരമായ കടമ.

വാക്സിൻ ഉൽപാദനത്തിലെ കുറവും, വാക്സിന് ലോകത്താകെയുള്ള ആവശ്യക്കാരുടെ എണ്ണവും മുതലെടുത്ത് പരമാവധി സാമ്പത്തിക ചൂഷണം നടത്താനാണ് വാക്സിൻ ഉൽപ്പാദന കമ്പനികൾ ലക്ഷ്യമിടുന്നത്. ഈ സാഹചര്യത്തിൽ സർക്കാർ ഉടമസ്ഥതയിലെ പൊതുമേഖലയിലുള്ള ഫാർമസ്യൂട്ടിക്കൽ കമ്പനികളിൽ നിർബന്ധിത ലൈസൻസിംഗ് വ്യവസ്ഥ ഉപയോഗപ്പെടുത്തി വാക്സിൻ നിർമ്മാണം ആരംഭിക്കാനുള്ള നടപടി കേന്ദ്ര സർക്കാർ പരിഗണിക്കേണ്ടതാണ്. വാക്സിനേഷനുമായി ബന്ധപ്പെട്ട് സർക്കാർ ചിലവഴിക്കുന്ന തുക വൃഥാവിലാണെന്ന കാഴ്ചപ്പാടല്ല വേണ്ടത്. ജനജീവിതം സാധാരണ നിലയിലാവുകയും വാണിജ്യ വ്യാപാര സേവനരംഗങ്ങൾ സ്വാഭാവികത വീണ്ടെടുക്കുകയും ചെയ്യുന്നതിലൂടെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും രാജ്യത്തെ കൈപിടിച്ചുയർത്താൻ കഴിയും. ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ട് ഇടപെടാൻ കേന്ദ്ര സർക്കാരിന് കഴിയണം.

മുൻകാലങ്ങളിൽ മഹാമാരിയെ പ്രതിരോധിക്കാനുള്ള വാക്സിനുകൾ സൗജന്യമായി നൽകുക എന്നത് ഒരു നയമായി നമ്മുടെ രാജ്യം സ്വീകരിച്ചിരുന്നു. എന്നാൽ, അതിൽ നിന്നും വ്യത്യസ്തമായ നടപടികളാണ് ഇപ്പോൾ കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടാകുന്നത്. കേന്ദ്ര സർക്കാർ

വാക്സിൻ സൗജന്യമായി നൽകുന്നതിനു പകരം സംസ്ഥാനങ്ങളോട് കമ്പോളങ്ങളിൽ മത്സരിക്കാനാണ് ഇപ്പോൾ നിർദ്ദേശിക്കുന്നത്. ഇത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. സംസ്ഥാനങ്ങൾ പ്രത്യേകമായി വാക്സിൻ വാങ്ങുന്നതിനു പകരം കേന്ദ്ര സർക്കാർ ആഗോള ടെണ്ടറിലൂടെ രാജ്യത്തിനാകെ വാക്സിൻ വാങ്ങാൻ നടപടിയെടുത്താൽ അത് രാജ്യത്തിനുണ്ടാക്കുന്ന സാമ്പത്തിക ലാഭം ചെറുതായിരിക്കില്ല. കേരളത്തിൽ കോവിഡ് വാക്സിൻ ആവശ്യക്കാർക്ക് ഫലപ്രദമായ രീതിയിൽ നൽകാനുള്ള കാര്യക്ഷമമായ സംവിധാനം നിലവിലുണ്ട്. അതിനാൽ കേരളം ആവശ്യപ്പെടുന്ന വാക്സിൻ ലഭ്യമായാൽ ഈ രോഗത്തെ പ്രതിരോധിക്കാൻ തീർച്ചയായും നമുക്കു കഴിയും.

വർത്തമാന കാലത്ത് കോവിഡ് പ്രതിരോധത്തിന് അത്യന്താപേക്ഷിതമായ വാക്സിൻ കേന്ദ്ര സർക്കാർ സമയബന്ധിതവും സൗജന്യവുമായി ലഭ്യമാക്കണമെന്ന് ഈ സഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു.

തിരുവനന്തപുരം എസ്.വി.ഉണ്ണികൃഷ്ണൻ നായർ,

02.06.2021 സെക്രട്ടറി.